# സെൻ്റ് സെബാസ്റ്റ്യൻസ്
# ഹയർസെക്കൻ്ററി
# സ്കൂൾ ഗോതുരുത്ത്
# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025 - 26

## സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കൻഡറി സ്കൂളിന്റെ പ്രാഥമികവിവരങ്ങൾ

എറണാകുളം ജില്ലയുടെ വടക്കേയറ്റത്ത് പെരിയാറിന്റെ കൈവരികളാൽ പരിരംഭണം ചെയ്തു സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു മരതകദ്വീപാണ് ഗോതുരുത്ത്. തുരുത്തിന്റെ നാമധേയത്തെക്കുറിച്ച് പല വ്യാഖ്യാനങ്ങളും നിലവിലുണ്ട്. ഈ സുന്ദരമായ പച്ചത്തുരുത്തിൽ അറിവിന്റെ വെള്ളിവെളിച്ചം പകർന്നുകൊണ്ട് വിരാജിക്കുന്ന ഒരു ഉത്കൃഷ്ടസ്ഥാപനമാണ് ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കൻഡറി സ്കൂൾ.

ഹയർസെക്കൻഡറി വിഭാഗത്തിൽ ശ്രീമതി ഷീനാമോൾ പ്രിൻസിപ്പലായും ഹൈസ്കൂൾ വിഭാഗത്തിൽ ശ്രീ ജിബി. പി. ജെ പ്രധാനാധ്യാപകനായും സേവനമനുഷ്ഠിക്കുന്നു. ഹയർസെക്കൻഡറി വിഭാഗത്തിൽ ആറ് ബാച്ചുകളിലായി 364 വിദ്യാർത്ഥികൾ, ഹൈസ്കൂൾ വിഭാഗത്തിൽ 13 ഡിവിഷനുകളിലായി 480 വിദ്യാർത്ഥികളും പഠിക്കുന്നു. HSS വിഭാഗത്തിൽ 16 അധ്യാപകരും 3 അനധ്യാപകരും HS വിഭാഗത്തിൽ 22 അധ്യാപകരും 4 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

തുടർച്ചയായി S.S.LC. പരീക്ഷയിൽ നൂറുമേനി വിളയിച്ചുകൊണ്ട് ഉന്നത അക്കാദമിക നിലവാരം പുലർത്തുന്നു. ശാസ്ത്രഗണിത പ്രവർത്തി പരിചയ മേളകളിലും യുവജനോത്സവങ്ങളിലും ഉന്നതസ്ഥാനങ്ങൾ കൈവരിക്കാൻ വിദ്യാർത്ഥികൾക്കു സാധിച്ചു. വിശുദ്ധ സെന്റ് സെബാസ്റ്റ്യന്റെ നാമധേയത്തിലുള്ള ഈ വിദ്യാലയം ഒത്തിരി തലമുറയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വഴിയൊരുക്കിയ സരസ്വതിക്ഷേത്രമാണ്.

സ്കൂളിന്റെ അച്ചടക്കവും കെട്ടുറപ്പും ഉറപ്പുവരു-ത്തുന്നതിനായി ഒരു ചുറ്റുമതിൽ നിർമ്മിക്കുക, കുട്ടികൾക്ക് ആവശ്യമായ ശുചിമുറികൾ നിർമ്മിക്കുക. പരിമിതമായ യാത്രാസൗകര്യങ്ങളുള്ള ഈ ഗ്രാമാന്തരീക്ഷത്തിൽ കുട്ടികൾക്ക് സഞ്ചാരസൗകര്യം ഒരുക്കുക തുടങ്ങിയവ ഞങ്ങളുടെ വിദ്യാലയം നേരിടുന്ന പ്രതിസന്ധികളാണ്.

## ചരിത്രം.

1918 ൽ ഒരു പ്രൈമറി വിദ്യാലയമായി നിലവിൽ വന്നു. 1920 ൽ അപ്പർ പ്രൈമറിയായും 1923ൽ ഹൈസ്കൂളായും 1973 ൽ ഹയർസെക്കന്ററിയായും ഉയർത്തപ്പെട്ടു. 1977 വരെ ഗോതുരുത്ത് ഇടവകയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1977 ആഗസ്റ്റിൽ വരാപ്പുഴ അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലും 1987 ഒക്ടോബർ-4-ാം തിയതി കോട്ടപ്പുറം രൂപതാകോർപ്പറേറ്റ് ഏജൻസി രൂപം കൊണ്ടതോടെ അതിന്റെ കീഴിലുമായി.

1918 ൽ ആരംഭിച്ച് 1923ൽ ഒരു പൂർണ്ണ ഹൈസ്കൂളായിത്തീർന്ന ഈ വിദ്യാലയത്തിന് മഹനീയമായ പുരോഗതിയുടെ പല പടവുകളെപ്പറ്റിയും വിവരിക്കാനുണ്ട്. 1977 ആയപ്പോഴേയ്ക്കും 75-ാം വയസിന്റെ തിരുമുറ്റത്തെത്തിയ ഈ വിദ്യാലയമുത്തശ്ശി ഗോതുരുത്ത് നിവാസികളുടെ പ്രകാശ-ഗോപുരമായി കൂടുതൽ പ്രശോഭിതമായിക്കൊണ്ട് പരിലസിക്കുന്നു. ഈ വിദ്യാലയത്തിന്റെ ഭൂതകാലചരിത്രം പരിശോധിക്കുമ്പോൾ വർണ്ണപ്പകിട്ടോടെ ആലേഖനം ചെയ്ത ചില അതുല്യപ്രതി-ഭകൾ വരും തലമുറയ്ക്ക് പ്രചോദനമേകി പരിലസിക്കുന്നത് കാണാം. ഈ വിദ്യാലയത്തിന്റെ പ്രവർത്തനത്തിൽ ഏത് രംഗത്തും സജീവമായി പ്രവർത്തിക്കുന്ന അധ്യാപകരക്ഷാ-കർത്തൃ സംഘടന നിലവിലുണ്ട്. 73ന്റെ മികവിൽ-സമൃദ്ധിയുടെ നിറവോടെ പ്ലസ്ടു എന്ന തിലകംകൂടി ചാർത്തി.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ 2025-26.

യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലും ഭാഷാവിഷയങ്ങൾക്ക് പഠനപുസ്തകങ്ങൾ നൽകി വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ പൊതുസംഘടനകൾ നടത്തുന്ന ശാസ്ത്രസാമൂഹിക ക്വിസ് മത്സരങ്ങൾ കൂടാതെ ചിത്രരചന, ഉപന്യാസരചന തുടങ്ങിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു. കലാകായിക പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. കേരളത്തിൽ തന്നെ മികച്ച പരിശീലകരുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ഫുട്ബോൾ അക്കാദമിയിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുന്നു. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പഠനയാത്രകൾ സംഘടിപ്പിക്കുന്നു. വായനാശീലം വളർത്തുന്നതിനായി വായനാക്കളരി, മധുരം മലയാളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ബാലജനസഖ്യവുമായി ചേർന്ന് കുട്ടികളുടെ വ്യക്തിത്വവികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ അധിഷ്ഠിത പ്രോജക്ടുകൾ, കുട്ടികളുടെ മാനസികനില ഉയർത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി കൗൺസിലിംഗ്, ആരോഗ്യകരവും ശാരീരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും നിർദേശങ്ങൾ നൽകാനും നേഴ്സിംഗ് സേവനവും ഉറപ്പുവരുത്തുന്നു. കുട്ടികളുടെ പഠനകാര്യങ്ങളും സ്വഭാവവിശേഷങ്ങളും കൂടുതൽ അടുത്തറിയുവാനും പരിഹാരം

കാണുവാനും അമ്മമാരുടെ സേവനം MPTAയിലൂടെ ഉറപ്പുവരുത്തുന്നു. തുടർച്ചയായി പത്താംക്ലാസിൽ 100% വിജയം കൈവരിക്കുന്ന ഈ വിദ്യാലയത്തിൽ പത്താം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സായാഹ്നക്ലാസുകൾ സംഘടിപ്പിക്കുന്നു. ജൈവപച്ചക്കറി തോട്ട നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പ്രകൃതിയോടുള്ള അറിവും വളർത്താൻ ശ്രമിക്കുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ - അക്കാദമിക മികവ്.

൧.

ഭാഷാവിഷയങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രവിഷയങ്ങളിലുള്ള താൽപര്യം ഉണർത്തുക, വായനാശീലം വർദ്ധിപ്പിക്കുന്നതോടൊപ്പം കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന സർഗാത്മകകഴിവുകളുടെ വികാസനം സാധ്യമാക്കുക, പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്ന പത്രവായനത്തിന് കൂടുതൽ പ്രാധാന്യം നൽകുക. ശാരീരികവും മാനസികവുമായ കഴിവുകളുടെ വികാസം. കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനുവേണ്ടി പച്ചക്കറിത്തോട്ടത്തിന്റെ വികാസം, സ്വന്തമായി വീട്ടിൽ കൃഷിചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ മനസ്സിലാക്കുക, വിജയശതമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം കൂടുതൽ A+ കൾ കൈവരിക്കുക.

നിലവിലുള്ള അവസ്ഥാവിശകലനം.

St. Sebastian - ന്റെ നാമധേയത്തിലുള്ള ദേവാലയാങ്കണത്തിൽ സ്ഥിതിചെയ്യുന്ന ഞങ്ങളുടെ വിദ്യാലയം. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട കരയായതിനാൽ കുട്ടികൾക്ക് School ൽ എത്തിച്ചേരാൻ യാത്രാക്ലേശം അനുഭവപ്പെടുന്നു. നിലവിൽ സഞ്ചാര-യോഗ്യമായ ബസ്സുകളുടെ എണ്ണം കുറവായതിനാൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്കൂളിലെത്തി-ച്ചേരാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. വിദ്യാലയത്തിന് Compound wall ഇല്ലാത്തതിനാൽ അതിന്റേതായ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. എങ്കിലും പരിചയസമ്പന്നരായ അധ്യാപകരും, പൂർവ്വവിദ്യാർത്ഥി-കളായ മാതാപിതാക്കളും ഈ വിദ്യാലയത്തോടുള്ള വിശ്വാസം നിലനിർത്തിക്കൊണ്ട് തങ്ങളുടെ മക്കളെ ഈ വിദ്യാലയത്തിലേയ്ക്ക് അയക്കുന്നു. നാടിന്റെ യശസ്സുയർത്തിക്കൊണ്ട് ചവിട്ടുനാടകം ഉൾപ്പെടെയുള്ള കലാരംഗങ്ങളിലും കായികരംഗങ്ങളിലും ഉന്നത നിലവാരം പുലർത്തിവരുന്നു. SSLC പരീക്ഷയിൽ തുടർച്ചയായി 100% വിജയം കൈവരിച്ചുകൊണ്ട് നാടിന്റെ തിലകക്കുറിയായി ഈ വിദ്യാലയം നിലകൊള്ളുന്നു. അക്കാദമിക തലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്കും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും തുടർപഠനത്തിനായുള്ള എല്ലാ സഹായങ്ങളും നൽകിവരുന്നു. ഇടവകയുടെ കീഴിലും രൂപതയുടെ കീഴിലും വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകളും നൽകുന്നു.

പ്രവർത്തനവിശദാംശങ്ങൾ, ലക്ഷ്യം, ഉപലക്ഷ്യം,
പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം.

ലക്ഷ്യം :- പാഠ്യ പാഠ്യേതരമികവിലേക്ക്.

ഉപലക്ഷ്യം :- പഠനവിഷയങ്ങളിലുള്ള മികവ്, കലാകായിക മികവുള്ള കുട്ടികളെ കണ്ടെത്തൽ.

പ്രവർത്തനങ്ങൾ :- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകുന്നു. കലാകായിക മികവുള്ള കുട്ടികൾക്ക് മികച്ച പരിശീലനങ്ങൾ നൽകുന്നു.

കാലം :- ഒരു അധ്യയനവർഷം.

ചുമതല :- വിഷയാധിഷ്ഠിത അധ്യാപകർ കായിക അധ്യാപകർ.

സാമ്പത്തിക വിശകലനം :- PTA സന്നദ്ധസംഘടനകൾ.

## മോണിറ്ററിംഗ്

സ്കൂളിന്റെ അക്കാദമിക് ഭൗതിക-കാര്യങ്ങൾ വിലയിരുത്തുന്നതിന് പ്രധാനാധ്യാപകനും അധ്യാപകരും ചേർന്ന് ഒരു അക്കാദമിക് മോണിറ്ററിംഗ് കമ്മറ്റിയും, PTA യും അധ്യാപകരും ചേർന്ന് മറ്റൊരു മോണിറ്ററിംഗ് കമ്മറ്റിയും രൂപീകരിക്കാനും എല്ലാ മാസവും അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട മെച്ചപ്പെടുത്തലുകൾ നടത്തുവാനും തീരുമാനിച്ചു.

## ഉപസംഹാരം.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കുട്ടികളുടെ പഠനിലവാരം ഉയർത്തുന്നതിനും വിദ്യാലയത്തിന്റെ ഭൗതികപുരോഗതിക്കും കലാകായിക സാംസ്കാരിക പുരോഗതിക്കും വേണ്ടി പ്രയോജനപ്രദമായി നടപ്പിലാക്കാൻ ഈ മാസ്റ്റർ പ്ലാൻ സമർപ്പിച്ചുകൊള്ളുന്നു.

Project - മലയാളം.

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
മലയാളത്തിലെ മികച്ച വായനക്കാരൻ (വായനക്കൂട്ടം)
മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം).

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക.

എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത്സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും മികച്ച വായനക്കാരനാകുക ഒപ്പം മികച്ച എഴുത്തുകാരനാകുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെക്കൂടി മുൻധാരയിലെത്തിച്ച വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതനസംരംഭം 2022-23 അധ്യയനവർഷം.

ലക്ഷ്യങ്ങൾ.

* എല്ലാവർക്കും എഴുത്തും വായനയും.
* വായനാക്കൂട്ടം, എഴുത്തുകൂട്ടം.
* ഗ്രന്ഥശാലാ അംഗത്വം.

പ്രവർത്തനങ്ങൾ.

അക്ഷരം ഉറപ്പിക്കൽ.

അടയാളങ്ങൾ ഉറപ്പിക്കൽ.

അക്ഷരക്കാർഡ്.

CD പ്രദർശനം.

ഭിന്നശേഷിക്കാരെ പരിഗണിക്കൽ.

സജീവ ഗ്രന്ഥശാലാ അംഗത്വം.

മലയാളം. മേഖല - ഹൈസ്കൂൾ

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. | ഭൗതികം. | ചുമതല. |
| --- | --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീടെസ്റ്റ്.<br>2. അക്ഷരം ഉറപ്പിക്കൽ.<br>3 ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4 അടയാളം ഉറപ്പിക്കൽ.<br>5 അക്ഷരകാർഡ് നൽകൽ.<br>6 വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കുക.<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8 ചിത്രം - അടിക്കുറിപ്പ്.<br>9 ചിത്രം - കഥ എഴുതൽ.<br>10. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം. (ആഗസ്റ്റ് സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ. | പി.ടി.എ. അധ്യാപകർ. |
| 2. കുട്ടികളെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>3. സമീപ ഗ്രന്ഥശാല അംഗത്വം. | | | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. | ഭൗതികം. | ചുമതല. |
|---|---|---|---|---|
| | 4 വായനാനുഭവം സംഘടിപ്പിക്കൽ.<br>5. പത്രവായന.<br>6. പുസ്തകചർച്ച.<br>7 വായനാനുഭവം പങ്കുവെയ്ക്കൽ.<br>8 വായനാക്കുറിപ്പ്.<br>9 വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>10. ദിനാചരണം.<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>12 ആസ്വാദ്യകരമായ വായന.<br>13 ഇ. വായന. | 4 മാസം. | ക്ലാസ് ലൈബ്രറി.<br>സ്കൂൾ ലൈബ്രറി.<br>സമീപ ഗ്രന്ഥശാല.<br>ചിത്രങ്ങൾ.<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ.<br>ഇന്റർനെറ്റ്.<br>കമ്പ്യൂട്ടർ. | പി.ടി.എ.<br>അധ്യാപകർ. |
| 3. കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തകചർച്ച.<br>3 വായനാക്കുറിപ്പ്.<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>5 പതിപ്പ് തയ്യാറാക്കൽ.<br>6 വ്യക്തിഗത രചന സംഘ രചന.<br>7. ചിത്രരചന. | 6 മാസം.<br>(ജൂലൈ മുതൽ ഡിസംബർ.) | ഓഡിയോ<br>വീഡിയോ.<br>പുസ്തകങ്ങൾ. | അധ്യാപകർ.<br>പി.ടി.എ. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. | ഭൗതികം. | ചുമതല. |
|---|---|---|---|---|
| | 4 വായനാനുഭവം സംഘടിപ്പിക്കൽ.<br>5. പത്രവായന.<br>6. പുസ്തകചർച്ച.<br>7 വായനാനുഭവം പങ്കുവെയ്ക്കൽ.<br>8 വായനാക്കുറിപ്പ്.<br>9 വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>10. ദിനാചരണം.<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>12 ആസ്വാദ്യകരമായ വായന.<br>13 ഇ. വായന. | 4 മാസം. | ക്ലാസ് ലൈബ്രറി.<br>സ്കൂൾ ലൈബ്രറി.<br>സമീപ ഗ്രന്ഥശാല.<br>ചിത്രങ്ങൾ.<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ.<br>ഇന്റർനെറ്റ്.<br>കമ്പ്യൂട്ടർ. | പി.ടി.എ.<br>അധ്യാപകർ. |
| 3. കുട്ടികളെ മികച്ച എഴുത്തുകാരൻ ആക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തകചർച്ച.<br>3 വായനാക്കുറിപ്പ്.<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>5 പതിപ്പ് തയ്യാറാക്കൽ.<br>6 വ്യക്തിഗത രചന സംഘരചന.<br>7. ചിത്രരചന. | 6 മാസം. (ജൂലൈ മുതൽ ഡിസംബർ.) | ഓഡിയോ<br>വീഡിയോ.<br>പുസ്തകങ്ങൾ. | അധ്യാപകർ.<br>പി.ടി.എ. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. | ഭൗതികം. | ചുമതല. |
|---|---|---|---|---|
| | 8. കഥാരചന കവിതാരചന.<br>9 സാഹിത്യകാരന്മാരുമായുള്ള സംവാദം. | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലനക്കളരി.<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4 പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക.<br>5 അവതരണത്തെ വിലയിരുത്തുന്നു.<br>6 മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ നൽകുക. | 2 മാസം. | ഓഡിയോ വീഡിയോ | പരിശീലകർ. അധ്യാപകർ. |

ST. SEBASTIAN'S HIGHER SECONDARY SCHOOL GOTHURUTH

Jiby P. J.
Headmaster
St. Sebastian's H.S.S.
Gothuruth

സംസ്കൃതം

അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| UP ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാ ജ്ഞാനം<br>★ അക്ഷരം എഴുത്ത്<br>★ ചിഹ്നം ഉറപ്പിക്കൽ<br>★ അക്ഷര കാർഡ്<br>★ വാക്കുകൾ എഴുതിയ കാർഡ്<br>★ അക്ഷര മാലാ പ്രദർശനം<br>★ പാട്ടുകളും കഥകളും കേൾപ്പിക്കൽ<br>2. പറയാം പഠിക്കാം<br>★ ചിത്രങ്ങളുടെ പേര് പറയൽ<br>★ ലഘു സംഭാഷണങ്ങൾ<br>★ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ഓഗസ്റ്റ്<br>സെപ്റ്റംബർ - ഡിസംബർ | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT<br>സംസ്കൃത നിഘണ്ടു | അധ്യാപിക |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | 3 ഓരോ സംസ്കൃത പിരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു സംസ്കൃത പുസ്തകത്തിന്റെ ഒരു പേജ് വായിക്കുക. | ജനുവരി - ഫെബ്രുവരി | സംസ്കൃത കഥാപുസ്തകം | |

| | | | | |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠനനേട്ടങ്ങൾ | ★ ക്ലബ് രൂപീകരണം<br>★ പഠനോപകരണ നിർമ്മാണം<br>★ കലണ്ടർ നിർമ്മാണം | ജൂൺ- മാർച്ച് | ചാർട്ട് ചിത്രം | അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ★ എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>★ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | " | ക്ലാസ് റൂം | |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | ★ പ്രത്യേക ക്ലാസുകൾ നൽകുന്നു<br>★ ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | ജൂൺ- മാർച്ച് | " | |
| ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് | ★ പെയിന്റിംഗ്<br>★ സൗകര്യപ്രദമായ ഇരിപ്പിടം | | | |

ST. SEBASTIAN'S HIGHER SECONDARY SCHOOL GOTHURUTH PIN: 683 516

Jiby P. J.
Headmaster
St. Sebastian's H.S.S
Gothuruth

# Academic MasterPlan - English

1. Students are able to communicate English language with proper pronounciation and fluency.
2. Students are able to acquire English language learning objectives based on the curriculum
3. Arrange classes for the children those who are backward in English language through 'Samagra Gunamenma padadhi'
4. Develop reading habit omong students
5. Students are able to perform Individual activities in open stage Programmes
6. Activities are arranged for the development of vocabulary in students
7. Students are able to use English as a global language through different programmes.

| SL.NO. | ACTIVITIES | DURATION | CLASS | GOALS |
|---|---|---|---|---|
| 1. | a) Spoken English Class<br>b) Renewal of English library<br>c) English corner story time<br>d) English cartoon screening<br>e) English assembly | Weekly twice | 8, 9 | Students are able to communicate confidently in English. |
| 2. | a) Cinema and Documentary<br>b) Conducting seminars<br>c) Role play, English Day | along with classes | 8, 9, 10 | opportunities for English presentations. |
| 3. | a) Word cards, sentence card<br>b) Public speaking<br>c) Simple Games<br>d) news reading competitions<br>e) Diary writing | along with classes and assembly | 8, 9, 10 | Promote individual reading and writing |
| 4. | a) English assembly<br>b) Puppet show<br>c) Skit | Weekdays and saturday | 8, 9 | Help create theatrical presentations. |

| SL.NO. | ACTIVITIES | DURATION | CLASS | GOALS |
| --- | --- | --- | --- | --- |
| 5. | a) Meet the foreigner<br>b) One man show<br>c) I Too Can !!<br>d) Leaning Ladder | Twice in a week | 5,6,7 | to inculcate Creative reading |
| 6. | a) My droplets<br>b) Alert zone<br>c) Run baby run<br>d) Fun time funda | Every week | 5,6,7 | To help children write English without errors or mistakes |

JIBY P. J.
Headmaster
St. Sebastian's H.S.S.
Gothuruth

ST. SEBASTIAN'S HIGHER SECONDARY SCHOOL GOTHURUTH

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

## ലക്ഷ്യം

ഹിന്ദി ഭാഷയെ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിനുവേണ്ടി UP, HS വിഭാഗം വിദ്യാർത്ഥികളെ പ്രാപ്തരാക്കാം അതിനായി ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. ശേഷം പദസമ്പത്ത് വർദ്ധിപ്പിക്കുവാൻ പാഠഭാഗത്തിനെ അടിസ്ഥാനമാക്കി പുതിയ പദങ്ങളും ആശയങ്ങളും പ്രയോഗങ്ങളും പരിശീലിപ്പിക്കുന്നു. മാതൃഭാഷയെപ്പോലെത്തന്നെ ഹിന്ദി ഭാഷയേയും അനായാസം വായിക്കുവാനും, എഴുതുവാനും ആശയപ്രേഷണത്തിനും സഹായകമായ സുരീലി ഹിന്ദിയുടെ വായനാ കാർഡുകളും, മറ്റു പ്രവർത്തനങ്ങളും ഒപ്പം പരിശീലിപ്പിക്കുന്നു. ഹിന്ദി കാർട്ടൂണുകൾ, ഹിന്ദി പാട്ടുകൾ, ചിത്രകഥകൾ, സംഭാഷണങ്ങൾ, ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതിക്കുക എന്നിവ പരിചയപ്പെടുവാനും കാണുവാനും കേൾക്കുവാനുമുള്ള അവസരം നൽകുന്നതിലൂടെ കുട്ടികൾക്ക് ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള പ്രചോദനം നൽകുന്നു.

പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾ (CWSN)

കുട്ടി ഹിന്ദി ഭാഷയെ ഇഷ്ടപ്പെടുന്ന തരത്തിലുള്ള കവിതകളും ഹിന്ദി പാട്ടുകളുടെ ദൃശ്യാവിഷ്കാരം, ചിത്രങ്ങൾ അതായത് നമുക്ക് ചുറ്റുമായി കാണുന്ന വസ്തുക്കൾ, മൃഗങ്ങൾ എന്നിവയുടെ ചിത്രങ്ങൾ കാണിച്ച് അവയുടെ പേരുകൾ ഹിന്ദിയിൽ പരിചയപ്പെടുത്തുക ഇടങ്ങിയവ ഉൾപ്പെടുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| Sl.No | Programme | Activity | Duration | ഭൗതികം | ചുമതല | പിന്തുണ |
|---|---|---|---|---|---|---|
| 1. | [illegible] എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്. • ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ നിർമ്മാണം • വാക്യങ്ങൾ നിർമ്മാണം.<br>• കുട്ടികളിലൂടെയുള്ള വാക്കുകളുടെയും വാക്യങ്ങളുടെയും നിർമ്മാണം. • CWSN കുട്ടികളുടെ പങ്കാളിത്തം. | UP ജൂൺ മുതൽ ആഗസ്റ്റ് വരെ<br>HS June | അക്ഷരചാർട്ട് അക്ഷര Card പാഠപുസ്തകം. | ഹിന്ദി-അധ്യാപിക | PTA<br>DIET<br>BRC<br>Resource Teacher for CWSN |
| 2. | വീട് ഒരു പരീക്ഷണശാല ക്ലാസ് റൂം, പ്രകൃതി. (കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കൽ) | • വീടിലെ, class room ലെ ആകാശത്തിലെ ഭൂമിയിലെ കാണുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പട്ടിക തയ്യാറാക്കൽ.<br>• ICT സഹായത്തോടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>• CWSN കുട്ടികളുടെ പങ്കാളിത്തം. | സെപ്തംബർ മുതൽ ഒക്ടോബർ വരെ<br>HS June | ഹിന്ദി നിഘണ്ടു<br>ICT | " | |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി • ദിനാചരണങ്ങൾ (സെപ്തംബർ 14, ജനുവരി 10) • ക്ലാസ് ലൈബ്രറി അധികവായന സാമഗ്രികൾ.<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ.<br>• CWSN കുട്ടികളുടെ പങ്കാളിത്തം. | നവംബർ മുതൽ ഫെബ്രുവരി വരെ<br>HS July to February | പുസ്തകങ്ങൾ<br>വായന കാർഡ് | " | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ Social Science

## ലക്ഷ്യങ്ങൾ

1. സാമൂഹ്യശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ ഉന്നതിയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും, മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യവിശകലന ശേഷി, അന്വേഷണ പാടവം എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. ഭൂമിയെയും, സമൂഹത്തെയും അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.
6. സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
7. I.T യുടെ സാധ്യത സാമൂഹ്യശാസ്ത്രത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
8. സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
9. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.
10. പെൺകുട്ടികളെ സമൂഹത്തിന്റെ മുൻധാരയിലേക്ക് ഉയർത്താൻ അനുയോജ്യമാക്കുക.
11. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.
12. Social Science teachers - ശാക്തീകരണം.
13. C.W.S.N കുട്ടികളെ നേർധാരയിൽ എത്തിക്കുക.
14. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യങ്ങൾ |
|---|---|---|---|
| സോഷ്യൽ സയൻസ് ഫെസ്റ്റ്.<br>5,6,7,8,9,10 - ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• ക്വിസ്<br>• പ്രദർശനങ്ങൾ (ശേഖരണം, മോഡൽസ്)<br>• പ്രസംഗം<br>• നാടകങ്ങൾ/സ്കിറ്റ്. | III<sup>rd</sup> term | 5,6,7<br>8,9,10 | |
| ഡിജിറ്റൽ ആൽബം<br>വ്യക്തിഗതമായി ആൽബം തയ്യാറാക്കി Social Science club ൽ അവതരണം. | ഹ്രസ്വകാലം | ,, | |
| പ്രാദേശിക വിഭവ ഭൂപട നിർമ്മാണം<br>സാമൂഹിക ശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ:- വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കൽ. | ഹ്രസ്വകാലം | ,, | |
| My Atlas - നിർമ്മാണം - ഇന്ത്യയുടെ സ്ഥാനം, സ്റ്റേറ്റുകൾ, പ്രധാനപ്പെട്ട സ്ഥലങ്ങൾ, നദികൾ, പർവ്വതങ്ങൾ, ഭൂപ്രകൃതി മുതലായവ. ഭൂപടം നിർമ്മിക്കൽ. | ഹ്രസ്വകാലം | ,, | |

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|
| 5. സാമൂഹ്യശാസ്ത്ര പഠനവും മാധ്യമങ്ങളും<br>• ക്ലാസ് റൂമിലെ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ.<br>• വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>• വിവരങ്ങൾ ശേഖരിക്കൽ<br>• അവതരണം, ചർച്ച<br>• പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | | 5, 6, 7<br>8, 9, 10 | |
| 6. പ്രാദേശിക ചരിത്ര രചന.<br>• സ്വന്തം താമസ സ്ഥലത്തിന്റെ ചരിത്രപരമായ സവിശേഷത തിരിച്ചറിയുന്നു.<br>• സ്ഥലനാമം ഉണ്ടായ ചരിത്രം.<br>• പ്രമുഖ വ്യക്തികളെ കണ്ട് അഭിമുഖീകരണം. | | " | |

JIDY P. J.
Headmaster
St. Sebastian's H.S.S
Gothuruth

# ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അറിവുകൾ കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മേളൻ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് തയ്യാറാക്കി സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | | | |
| 2) ശാസ്ത്ര ലോകത്തേക്ക്: നിരന്തരം അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് തയ്യാറാക്കി പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം / അവസാനം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | | |
| 3) ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം സയൻസ് ലാബ്, IT ലാബ് ആധുനികവത്കരിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സമാഹരണം |
|---|---|---|---|---|
| 1) ആയുർവേദ: പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA, മാനേജ്മെന്റ് |
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉദ്യാന സൗകര്യത്തിന് ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്, ഹരിതസേന ടീം | കൃഷി വകുപ്പ് ഹരിതസേന ടീം |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| 2) വൈജ്ഞാനിക ബഹിർ-സ്ഫുരണം: അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ, നോളജ് ബേസ്. | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ |
| | ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | | മാനേജ്മെന്റ് |

Jiby P.J.
Headmaster
St. Sebastian's H.S.S
Gothuruth

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ്, മാത്സ് ക്ലിനിക്ക് | ജൂൺ. | അധ്യാപകർ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ഉപയോഗം. | തുടർപ്രവർത്തനം | ” | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കൽ. | ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഗണിതചോദ്യങ്ങൾ | ” | ” | |
| 4. ഗണിതമേള വേദിയിലെ മേളകളിലേക്ക് ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |
| 5. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | അവധിദിവസങ്ങൾ | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ PPA | |
| 6. രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | മാസത്തിൽ PPA നടത്തി ചുമതലകൾ നൽകുന്നു. | എല്ലാ മാസവും | അധ്യാപകർ HM, PPA | |

Jiby P. J.
Headmaster
St. Sebastian's H.S.S
Gothuruth